# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T. 2663** **2/04/2013-ൽ മറുപടിക്ക്**

**അധ്യാപകരുടെ ലീവ് സറണ്ടർ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| അധ്യാപകരുടെ ലീവ് സറണ്ടർ 24 ദിവസത്തിൽ നിന്ന് 8 ദിവസമായി കുറയ്ക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ? | സെൻസസ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർക്ക് അനുവദിച്ച അധിക ലീവ് സറണ്ടർ ആനുകൂല്യമാണ് തിരിച്ചുപിടിക്കാൻ നിർദ്ദേശിച്ചത്. 30/4/2010 തീയതിയിലെ ജി.ഒ.(എം.എസ്) 171/10/ജി.എ.ഡി പ്രകാരമാണ് അദ്ധ്യാപകരെ സെൻസസ് ഡ്യൂട്ടിക്ക് നിയോഗിച്ചത്. അതു പ്രകാരം, 12.4.2010 നും 27/5/2010 നും ഇടയിലുള്ള 16 പ്രവൃത്തി ദിവസങ്ങളിലോ 32 അർദ്ധ പ്രവൃത്തി ദിവസങ്ങളിലോ സെൻസസ് ഡ്യൂട്ടി ചെയ്താൽമതി. വെക്കേഷൻ കാലാവധിയിൽ 16 പ്രവൃത്തി ദിവസം ഡ്യൂട്ടി ചെയ്ത അദ്ധ്യാപകർക്ക് കെ.എസ്.ആർ. റൂൾ 81, ഭാഗം ഒന്ന് പ്രകാരം 8 ദിവസത്തെ സറണ്ടറിന് മാത്രമേ അർഹതയുള്ളൂ. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി സെൻസസ് ഡ്യൂട്ടിയുടെ ചാർജ്ജ് ഓഫീസർമാരായ തഹസിൽദാർമാർ 48 ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർ 24 ദിവസത്തെ സറണ്ടർ ആനുകൂല്യം വാങ്ങിയെടുക്കുകയും ചെയ്തു. ചട്ടവിരുദ്ധമായി കൈപ്പറ്റിയ അധിക ആനുകൂല്യം തിരിച്ചടക്കുവാനുള്ള നടപടികൾ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ; സറണ്ടർ ആനുകൂല്യം കുറവ് ചെയ്തിട്ടില്ല. |

Sreedevi

**സെക്ഷൻ ഓഫീസർ**